ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കുറെ വിശാലമായ ഒരു കാര്യമാണ്. ഇതുമായി ഒരു ബന്ധവുമില്ല. സമുദായപ്രാതിനിദ്ധ്യം ഗവൺമെൻറിന്റെ നയമായിരിക്കുന്നിടത്തോളംകാലം ഏതെങ്കിലും സമുദായങ്ങൾക്കു റിസർവേഷൻ അനുവദിച്ചിരിക്കുന്നിടത്തോളംകാലം ഇപ്പോഴത്തെ വ്യവസ്ഥതന്നെ തുടരുന്നതാണു്. ഇങ്ങനെ പറയുന്നതിനു് രണ്ടുകാരണങ്ങൾ ഉണ്ടു്. ഇപ്പോഴത്തെ കാൺസ്റ്റിറ്റ്യൂഷനനുസരിച്ചു് മദ്രാസു് ഗവൺമെൻറും തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറും ചെയ്തിരിക്കുന്നമാതിരി സമുദായങ്ങളെതമ്മിൽ ഉദ്യോഗങ്ങൾ വീതിക്കുന്നതു നിയമാനുസരണമായിരിക്കുമോ, നിയമവിരുദ്ധമായിരിക്കുമോ എന്നുള്ളകാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടു്. കാൺസ്റ്റിറ്റ്യൂഷനിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും മദ്രാസിൽ കമ്യൂണൽ ജി. ഒ. അനുസരിച്ചു് ഉദ്യോഗം നൽകുന്നതു തെറ്റായിരിക്കയില്ല എന്നു വാദിക്കുന്ന നിയമവിദഗ്ദ്ധന്മാരേയും എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്. പ്രൈവറ്റു സെക്രട്ടറിസ്ഥാനം അദ്ധ്യാപകന്മാർക്കു ശമ്പളപരമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്ന അവസരത്തിൽ ഇതിനെപ്പറ്റി ഒരു തീരുമാനം ചെയ്യണമെന്നു് ഉദ്ദേശിക്കുന്നില്ല.

രണ്ടാമത്തെ കാര്യം അങ്ങിനെ ഉദ്യോഗം സമുദായഹിതമനുസരിച്ചു് കൊടുക്കുന്നതു് ശരിയായാലും തെറ്റായാലും ചിലസമുദായങ്ങൾക്കു റിസർവേഷൻ നൽകണമെന്നു് കൺസ്റ്റിറ്റ്യൂഷനിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. ഷെഡ്യൂൾകാസ്റ്റിനു മാത്രം കൊല്ലത്തേക്കു് തീർച്ചയായും റിസർവേഷൻ കൊടുക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. അതുമാതിരിതന്നെ ഓരോ രാജ്യത്തും ഗവൺമെൻറു് ഇന്നയിന്നവിഭാഗങ്ങൾ പിന്നോക്കമാണെന്നു് ബോദ്ധ്യപ്പെട്ടുകയാണെങ്കിൽ അവർക്കും റിസർവേഷൻ കൊടുക്കണമെന്നു് നിബന്ധനയുണ്ടു്. ആവക കാര്യങ്ങൾ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതാതു സമയത്തു് എന്തുനയമാണോ അംഗീകരിക്കുന്നതു് അതു ഇതിലേക്കു് ബാധകമാകണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.

The question that a Supplementary grant of Rs. 100 be granted under 18 Education—D. Secondary Education was put and carried.

Sri. C. V. Iyyu: Sir, I demand a poll.

Mr. Speaker: The practice that is being followed in this House is that the right to demand a poll is exercised only by the member of a defeated party.

Sri. C. V. Iyyu: Demanding a poll is only an elementary right of a member of this House.

Mr. Speaker: The practice that has been hitherto followed, as referred to by me already, will be continued. If on further consideration it is found necessary to modify the practice it may be done so later on.

Sri. C. V. Iyyu: The necessity for demanding a poll.....

Mr. Speaker: The ruling on the matter has already been given.

Supplementary Demand No. II

32. Public Works

Mr. Speaker: The Hon'ble Minister in charge of Public Works will move the next demand for grant for Public Works.

LIBRARY ARCHIVES Kerala Legislative Assembly

*ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): വില്ലേജ് റോഡ് ഡെവലപ്പ്മെൻറ് ഫണ്ടിൻെറ ശ്രുപീകരണത്തിനായി നാല് ലക്ഷം രൂപായുടെ ഒരു ധനാഭ്യർത്ഥന ഞാൻ അവതരിപ്പിക്കുന്നു. ഇതു് നമ്മുടെ പബ്ലിവർക്ക്സ് എന്ന ഹെഡ്ഡിൽ ഉള്ളതുതന്നെ സിവിൽ വർക്ക്സ് ആൻറ് വർക്ക്സ് എന്ന ഹെഡ്ഡിലേക്കു ചേക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. ഇതുസംബന്ധിച്ചു് ഇവിടെ അഭിപ്രായവ്യത്യാസത്തിനോ വാദപ്രതിവാദത്തിനോ ഇടയുണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ പല അവസരങ്ങളിലും ഇവിടെ വാദിച്ചിട്ടുണ്ടു്, ഗ്രാമീണ റോഡുകൾ വികസിപ്പിക്കേണ്ടതാവശ്യമാണെന്നും പുതിയതായി ഗ്രാമീണ റോഡുകൾ വെട്ടിപ്പിക്കേണ്ടതും, ഉള്ള റോഡുകൾതന്നെ ഗതാഗത യോഗ്യമാക്കേണ്ടതും ആവശ്യമാണെന്നു്. ഇന്നു് ഗ്രാമങ്ങളിൽ രണ്ടു തരത്തിലുള്ള റോഡുകളാണു് നിലവിലിരിക്കുന്നതു്. കർഷകർ തന്നെ അവരുടെ സ്ഥലമേറ്റെടുത്തു് പണം ചെലവുചെയ്തു് റോഡുകളുണ്ടാക്കി ഗവൺമെൻറിലേക്കു് വിട്ടുകൊടുക്കുന്നു. പിന്നെ ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽതന്നെ കർഷകർക്കാവശ്യമായ റോഡുകൾ ഉണ്ടാക്കുന്നു. കർഷകർ ഉണ്ടാക്കി ഗവൺമെൻറിലേക്കു് കൊടുക്കുന്നതായ റോഡുകൾ തന്നെ അവയുടെ പരിപാലനം നടത്തേണ്ടതു് ഗവൺമെൻറാണു്. പല സ്ഥലങ്ങളിലും ഇന്നു് അപ്രകാരമുള്ള റോഡുകൾ ഗതാഗതസൗകര്യമില്ലാതെയാണിരിക്കുന്നതു്. ബഹുമാനപ്പെട്ട അംഗങ്ങൾക്കുതന്നെ ഗ്രാമങ്ങളിൽ പുതിയ റോഡുകൾ ഉണ്ടാക്കേണ്ടതിൻെറ ആവശ്യത്തെപ്പറ്റി സംശയമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽതന്നെ ഇതിലേക്കു് ഒരു സ്കീം നടപ്പിൽ വരുത്തേണ്ടതാണെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽതന്നെ പറയുകയുണ്ടായി, അതിലേക്കു് ഒരു ഫണ്ടുണ്ടാക്കി ആ ഫണ്ടു് ഈവക ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കാൻ ഗവൺമെൻറു് ആലോചിക്കുന്നുണ്ടെന്നും അതിലേക്കു ഒരു പ്രത്യേക സബ്ഡിവിഷൻ തന്നെ ഉണ്ടാക്കുകയും ഒരു അസിസ്റ്റൻറ് എഞ്ചിനീയരുടെ മുമതലയിൽ ആ ഡിപ്പാർട്ടുമെൻറു് വിട്ടുകൊടുക്കുകയും ചെയ്യുമെന്നു്. ആ നിശ്ചിത പദ്ധതി-അനുസരിച്ചു് കൊച്ചി തിരുവിതാംകൂർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതാണെന്നാണു് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു്. അതിനും പുറമെ ഇവിടെ ചോദ്യോത്തരവേളകളിൽ ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പുമന്ത്രി വാഗ്ദാനം ചെയ്തിട്ടുള്ളതും ഈ മാതിരി ഒരു ഫണ്ടുണ്ടാക്കുന്നതാണെന്നും ആ ഫണ്ടിൽനിന്നും ഈ വക കാര്യങ്ങൾക്കായി പണം ചിലവുചെയ്യുന്നതാണെന്നുമാണു്. അതിലേക്കു് പ്രത്യേകമായി ഒരു സപ്ലിമെൻററി ഗ്രാൻറായി ഇതു് ഇവിടെ അവതരിപ്പിക്കുന്നതാണു്. ഇങ്ങനെ ധനകാര്യമന്ത്രി ചെയ്തിട്ടുള്ള വാഗ്ദത്തവും നിയമസഭയിൽ പി. ഡബ്ലിയു. വകുപ്പുമന്ത്രി ചെയ്തിട്ടുള്ള വാഗ്ദത്തവും ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ള വാദങ്ങളെ ആശ്രയിച്ചുമാണു് ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കുന്നതു്. ബജ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ളതുപോലെ ഒരു പ്രത്യേക സബ്ഡിവിഷൻ ഇതിലേക്കു് ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഒരു അസിസ്റ്റൻറ് എഞ്ചിനീയരും അദ്ദേഹത്തെ സഹായിക്കാനായി ഏതാനും എഞ്ചിനീയറന്മാരേയും മറ്റു സിൽബന്ധികളേയും നിയമിക്കയും ചെയ്തിട്ടുണ്ടു്. ആകെ ചെയ്യുന്ന തീർക്കേണ്ട ജോലിയുടെ ൭൫ ശതമാനം

* The Demand was moved by the Chief Minister as the Minister for communications was not present.

LIBRARY ARCHIVES Kerala Legislative Assembly

ഈ അസിസ്റ്റൻറ് എഞ്ചിനീയരും അദ്ദേഹത്തിൻെറ സഹായികളും ഇതിനകം ചെയ്യ തീർത്തിട്ടുണ്ട്. അങ്ങിനെ ജനുവരി 1-ാം തീയതിക്കുമുമ്പായി ആ എഞ്ചിനീയരുടെ റിപ്പോർട്ട പൂർണ്ണമായി ഗവൺമെണ്ടിനു ലഭിക്കുമെന്നാണു ഗവൺമെണ്ടു വിചാരിക്കുന്നതു്. അങ്ങിനെ റിപ്പോർട്ട ലഭിച്ചാൽ ഉടൻതന്നെ ഈ ഫൈനാൻഷ്യൽ വർഷത്തിൽതന്നെ പ്രാരംഭ നടപടികളും നടത്തണമെന്നാണു ഗവൺമെണ്ടുദ്ദേശിക്കുന്നതു്. അങ്ങിനെ മൂന്നോ നാലോ മാസംകൊണ്ടു് എത്ര പുതിയ ഗ്രാമീണറോഡുകളും ആവശ്യമാണോ അത്രയും ഉണ്ടാക്കുകയും എത്ര ഗ്രാമീണറോഡുകളും പരിഷ്കരിക്കേണ്ടതുണ്ടോ അത്രയും പരിഷ്കരിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണു് ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കുന്നതു്. അങ്ങിനെ ഈ രാജ്യത്തെവിടേ പോയാലും ഗ്രാമീണരുടെ ഇടയിലുള്ള പരാതികൾക്കു താല്ക്കാലികമായി ഒരു ശമനം വരുത്തുന്നതിനുവേണ്ടിയാണു് ഗവൺമെണ്ടു് ഈ നടപടികളും സ്വീകരിച്ചിരിക്കുന്നതു്. ഈ വിധത്തിൽ കായ്ക്ഷമമായ പ്രവർത്തനത്തിനാവശ്യമായ സംഖ്യയുടെ ഒരു ഭാഗമാണു് ഈ നാലുലക്ഷം രൂപാ.

ഇനു് ഗവൺമെണ്ടിൻെറ കണക്കുകളും ആസ്പദമാക്കി നോക്കുന്നപക്ഷം എല്ലാ ഗ്രാമങ്ങളിലും റോഡുകളും സംഘടിപ്പിക്കുന്നതിനു് ഉദ്ദേശം രണ്ടേകാൽ കോടി രൂപായോളം ചിലവാക്കേണ്ടതായിവരും. രണ്ടരക്കോടി രൂപ ഒരു കൊല്ലത്തിൽതന്നെ ചിലവാക്കാൻ സാധിക്കുമോ എന്നുള്ളതു് സംശയമായതുകൊണ്ടു് ഒരു പഞ്ചവത്സരപദ്ധതി മൂലം ഇതു് നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്. അങ്ങിനെ ആ രണ്ടരക്കോടി രൂപയുടെ ഒരു ഭാഗമായിട്ടാണു് ഈ നാലുലക്ഷം രൂപ ആവശ്യപ്പെട്ടതു്. ഇക്കൊല്ലത്തിൽ ഇനി മൂന്നരനാലു മാസമേ ഉള്ളു. അതിനിടക്കു് ഈ സംഖ്യ മുഴുവൻ ചിലവാക്കി തീർക്കണമെന്നും അങ്ങിനെ ഗ്രാമീണരുടെ ആവശ്യങ്ങളിൽ പ്രാധാന്യമർഹിക്കുന്നതായ ഈ സംഗതിയിൽ ചിലതെല്ലാം പ്രവർത്തിക്കണമെന്നും ഗവൺമെണ്ടിനു് അത്മാർത്ഥമായ ആഗ്രഹമുണ്ടു്. അതിലേക്കു് വേണ്ടിയാണു് ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതു് സഭ അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ സംഖ്യ പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനു വേണ്ടിയാണോ, ഇപ്പോഴുള്ള റോഡുകൾ നന്നാക്കുന്നതിനു വേണ്ടിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടിനും വേണ്ടിയാണു്. ഗവൺമെണ്ടിനു് വിട്ടുതന്നിട്ടുള്ള കർഷക റോഡുകൾ നന്നാക്കുന്നതിനും റോഡുകൾ ആവശ്യമുള്ളിടത്തു പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനും ഈ തുക വിനിയോഗിക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: മെയിൻറനൻസിനുവേണ്ടി ബഡ്ജറിൽ പ്രത്യേകം തുക കൊള്ളിച്ചിട്ടുള്ള റോഡുകൾ നന്നാക്കുന്നതിനുംകൂടി ഈ തുക വിനിയോഗിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. ഇതു് പ്രത്യേകം ഗ്രാമീണറോഡുകൾക്കുവേണ്ടിയാണു്.

Sri. A. J. John: I second the motion.

Sri. D. Gnanasigamoni: May I know, Sir, whether this Demand has been scrutinised by the Finance Committee?

Sri. T. K. Narayana Pillai: They have sanctioned a sum of Rs. 12 lakhs but Government thought that a sum of Rs. 4 lakhs would be enough for the remaining three months of the budget-year.

Sri. K. Sivarama Pillai: Is there any particular reason why it was so reduced?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നു മാസംകൊണ്ടു് 12 ലക്ഷം രൂപ ചെലവാക്കാൻ സാധിക്കുമോ എന്നുള്ള സംശയംകൊണ്ടാണു്, 8 ലക്ഷം രൂപാ മാത്രം ആവശ്യപ്പെട്ടതു്. അല്ലാതെ അതിനു് പ്രത്യേക കാരണമൊന്നുമില്ല.

Sri. K. Sivarama Pillai: Is the Hon'ble Minister aware that any amount voted under this item will not lapse? It was on that ground the Finance Committee sanctioned 12 lakhs?

Sri. T. K. Narayana Pillai: I know that.

ശ്രീ. എ. താണുപിള്ള: ഈ റോഡുകൾ അത്രയും ഗവൺമെണ്ടു് എടുത്തുകഴിഞ്ഞാൽ അതിന്റെ മെയിൻറനൻസിനു് കൊല്ലംതോറും എത്ര വേണ്ടിവരുമെന്നാണു് ഗവൺമെണ്ടു് കണക്കാക്കിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചു് ഇതുവരെ റിപ്പോർട്ടു കിട്ടിയിട്ടില്ല. താല്ക്കാലികമായ ഒരു റിപ്പോർട്ടുമാത്രമാണു് ഇപ്പോൾ കിട്ടിയിട്ടുള്ളതു്. പൂർണ്ണമായ റിപ്പോർട്ടു കിട്ടുമ്പോഴെ അതറിയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എ. താണുപിള്ള: ഇതിലേക്കുവേണ്ടി ഒരു പ്രത്യേക എഞ്ചിനീയരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിലേക്കു് പ്രത്യേകമായി ഒരു അസിസ്റ്റൻറ് എഞ്ചിനീയരെ നിയമിച്ചു കഴിഞ്ഞു. ഇങ്ങനെ ചെയ്യാനുള്ളതിന്റെ എതാണ്ടു് എഴുപത്തിയഞ്ചു ശതമാനം ജോലികളും അദ്ദേഹം ഇതിനകം ചെയ്തീർത്തിട്ടുണ്ടു്.

ശ്രീ. ഇ. പി. പൗലോസ്: ഈ റോഡുകളുടെ മെയിൻറനൻസു് പണിയും ആ അസിസ്റ്റൻറ് എഞ്ചിനീയരെത്തന്നെ ഏല്പിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ജോലിയും അദ്ദേഹത്തെ ഏല്പിച്ചാൽ കൂടുതൽ മംഗിയായി നടക്കുമെന്നുണ്ടെങ്കിൽ അദ്ദേഹത്തെതന്നെ ഏല്പിക്കുന്നതാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: രണ്ടരകോടി രൂപ അഞ്ചുവർഷംകൊണ്ടു് ചിലവാക്കാനുദ്ദേശിക്കുന്നുവെങ്കിൽ ഇക്കൊല്ലത്തേക്കു് നാല്പതു ലക്ഷമോ അൻപതു ലക്ഷമോ രൂപ ആവശ്യപ്പെടേണ്ടതല്ലേ? വെറും നാലുലക്ഷം മാത്രം മതി എന്നുവച്ചതിനു് കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞതാണു്. ഇനി ഇക്കൊല്ലത്തിൽ മൂന്നു നാലു മാസമെ ഉള്ളൂ. അതിനകം ഇത്രയും ഉക തന്നെ ചിലവാക്കാൻ സാധിക്കുമോ എന്നു് സംശയമാണു്.

Sri. D. Gnanasigamoni: May I know whether Government considered the desirability of spending this amount through Village Panchayats?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. വില്ലേജു് പഞ്ചായത്തുകൾക്കു് ഈ ജോലി ഏറ്റെടുത്തു നടത്താൻ സാധിക്കുമോ എന്നും നിശ്ചയമില്ല.

ശ്രീ. എൻ. പി. വക്കീസ്: റോഡില്ലാത്ത എല്ലാ സ്ഥലങ്ങളിലും റോഡുകൾ ഉണ്ടാക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതു് പൂർണ്ണമായ റിപ്പോർട്ടു കിട്ടികഴിഞ്ഞതിനുശേഷം ആലോചിച്ചു തീരുമാനപ്പെടുത്തുന്നതാണു്. ആവശ്യമുള്ളിടത്തെല്ലാം റോഡുണ്ടാക്കണമെന്നാണു് ആഗ്രഹം.

ശ്രീ. എ. താണുപിള്ള: നമ്മുടെ റോഡുകൾ നന്നാക്കുന്നതിനു് എത്ര പണം ചെലവാക്കുന്നതിനേയും അനുകൂലിക്കാതിരിക്കാൻ നിവൃത്തിയില്ല. എ

LIBRARY ARCHIVES Kerala Legislative Assembly

ന്നാൽ ഒരു സംഗതി പ്രത്യേകം ചൂണ്ടിക്കാണിക്കണമെന്നുദ്ദേശിക്കുന്നു. ഈ പണം റോഡുകൾ നന്നാക്കുന്നതിനാണോ എന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് ചോദിച്ചപ്പോൾ അല്ലെന്നാണു് മറുപടി പറഞ്ഞതു്

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിൽനിന്നും എറെറടുത്തിട്ടുള്ള കൃഷികറോഡുകളുടെ മെയിൻറനൻസിനും ഈ പണം ഉപയോഗിക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: നമ്മുടെ റോഡുകൾക്കു് കൃഷികറോഡുകളെന്നും അല്ലാത്തവയെന്നും വ്യത്യാസം കല്പിക്കുന്നതുതന്നെ അടിസ്ഥാനമില്ലാത്തതാണു്. ചില റോഡുകൾ ഗവൺമെണ്ടുണ്ടാക്കി. ചില റോഡുകൾ ജനങ്ങളുണ്ടാക്കി ഗവൺമെണ്ടിനെ ഏല്പിച്ചു. ആ റോഡുകളെയാണു് കർഷക റോഡുകൾ എന്നു പറയുന്നതു്. ഈ രണ്ടു തരം റോഡുകളും നമ്മുടെ ഗതാഗതത്തിനു ഉപയോഗപ്പെടുന്നവയാണു്. ഗവൺമെണ്ടു് ഉണ്ടാക്കിയ റോഡുകളെക്കാൾ പ്രാധാന്യം കർഷക റോഡുകൾക്കു് കൊടുക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല. നമ്മുടെ റോഡുകളെല്ലാം പൊതുവെ വളരെ മോശമാണു്. റോഡുകളുടെ മെയിൻറനൻസിൽ ശരിയായി ശ്രദ്ധിക്കാത്തതാണു് ഇതിനു് പ്രധാന കാരണം. പല റോഡുകളും ഗതാഗതയോഗ്യമല്ലാതെ കിടക്കുകയാണു്. ഉദാഹരണത്തിനു് ഒരു റോഡിൻറെ കാര്യം പറയാം. പേയാടു തൊട്ടു് വെള്ളനാടുവരെ ഒരു റോഡുണ്ടു്. ചീഫ് മിനിസ്റ്റർ ആ റോഡു് പോയി കണ്ടിട്ടുണ്ടെന്നാണു് തോന്നുന്നതു്. നെയ്യാറ്റിൻകര എലക്ഷൻസമയത്തു് ഞാൻ അവിടെ പോയിരുന്നു. ചില മന്ത്രിമാരും പോയിരുന്നു. മന്ത്രി പോയതിൻറെ തലേ ദിവസം ആ റോഡൊന്നു നന്നാക്കി. മണ്ണൊ, ചരലൊ, പലകയൊ ഒക്കെ ഇട്ടു് ഒരു വിധത്തിലൊന്നു് ശരിപ്പെടുത്തി മന്ത്രിയെ ഒരു രണ്ടുനാലു നാഴിക ഉന്തിത്തള്ളിക്കൊണ്ടുപോയി. അടുത്തുതന്നെ മഴ ഉണ്ടായി. കുണ്ടും കുഴിയും ചളിയും വെള്ളക്കെട്ടും കൊണ്ടു് ആ റോഡു് ഇപ്പോൾ തീരെ ഗതാഗതയോഗ്യമല്ലാതെ കിടക്കുകയാണു്. അതു് നന്നാക്കുന്നതിനു് ആദ്യം ഒരു ഏഴെണ്ണായിരം രൂപയുടെ എസ്റ്റിമേറു് അനുവദിച്ചുവെന്നും മെയിൻറനൻസിനു കുറെ ചരലൊ ചല്ലിയൊ ഒക്കെ അടിച്ചിട്ടുവെന്നും അറിഞ്ഞു. എന്നാൽ ഇപ്പോൾ അതെല്ലാം അവിടെനിന്നും മാറി പേരറ എവിടെയോ കൊണ്ടുപോയി എന്നും അറിയുന്നു. ഈ റോഡു് എത്രയും വേഗം നന്നാക്കേണ്ടതു് അത്യാവശ്യമാണു്. വളരെക്കാലമായി അതിൻറെ സ്ഥിതി തീരെ മോശമാണു്. ചക്കടാവണ്ടിക്കാരും മരച്ചീനിവ്യവസായക്കാരും മറ്റുമായ സാധുക്കൾക്കു് ഗതാഗതം ചെയ്യുന്നതിനുള്ള ഒരു റോഡാണിതു്. ഈ റോഡു് നന്നാക്കിയിട്ടില്ലെങ്കിൽ ആ പ്രദേശങ്ങളിലെ സാധുക്കളുടെ ജീവിതമാർഗ്ഗങ്ങൾതന്നെ അടഞ്ഞുപോകുന്നതാണു്. ഇതു് ഞാൻ ഉദാഹരണത്തിനു് പറയുകയാണു്. ഇങ്ങനെ അനവധി റോഡുകൾ നമ്മുടെ സംസ്ഥാനത്തുണ്ടു്. അവ ശരിയായി സൂക്ഷിക്കുന്നതിനു് ഗവൺമെണ്ടു് ശ്രദ്ധിച്ചിട്ടില്ല. ആ സ്ഥിതിക്കു് ഇനി ഈ നാലുലക്ഷം രൂപയുടെ റോഡുകൾകൂടി ഗവൺമെണ്ടു് എറെറടുത്തു് എന്താണു് ചെയ്യാൻ പോകുന്നതെന്നറിഞ്ഞില്ല. റോഡു് ശരിയായി മെയിൻറനൻസു് നടത്താൻ സാധിച്ചില്ലെങ്കിൽ റോഡുണ്ടാക്കാതിരിക്കയാണു് നല്ലതു്. ആദ്യത്തെ മഴയ്ക്കു് റോഡുകൾ കുറേശ്ശെ ചീത്തയാകും. ആരും അതു നന്നാക്കുകയില്ല. തുടർന്നു് മഴപെയ്യുമ്പോൾ റോഡു് മുഴുവൻ തീരെ ഗതാഗതയോഗ്യമല്ലാതെയാകും. എന്നാലും നോക്കാനാരുമുണ്ടാവുകയില്ല. അങ്ങനെ ഒരു രണ്ടുനാലുകൊല്ലം കിടക്കുമ്പോൾ ഒരു മൈൽ റോഡു് നന്നാക്കണമെങ്കിൽതന്നെ അയ്യായിരമോ ആറായിരമോ രൂപ വേണ്ടിവരും. ആ സ്ഥിതിയിലാകുമ്പോൾ ഡിപ്പാർട്ടുമെണ്ടധികാരികൾ അനവധി പണം ചെലവുചെയ്തു റോഡു് നന്നാക്കാനെത്തും. ഇതാണു് ഇവിടത്തെ പതിവു്. എനിക്കു നമ്മുടെ പബ്ലിക്കു് വർക്സു് ഡിപ്പാർട്ട്

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

മെണ്ടുകാരോട് ഒന്ന് പറയാനുള്ളത് എല്ലാ റോഡുകളും എപ്പോഴും നല്ല സ്ഥിതിയിൽ വച്ചുകൊണ്ടിരിക്കാൻ ശ്രമിക്കണമെന്നാണ്. അതുകൊണ്ട് ചെലവും വളരെ കൂടും. ഞാൻ നേരത്തെ ഉദാഹരണത്തിന് പറഞ്ഞ റോഡുതന്നെ ഇത്ര ചീത്തയായിപോയതിന കാരണം കഴിഞ്ഞ വളരെക്കാലമായി അവിടെ ഒരു ഫർലോങ്ങ് റോഡുപോലും ഗവണ്മെണ്ടിൽനിന്നും നന്നാക്കാതിരുന്നതാണ്. ഒരു ഫർലോങ്ങ് ദൂരത്തിലൊ രണ്ടു ഫർലോങ്ങ് ദൂരത്തിലൊ റോഡു നന്നാക്കാത്തതുകൊണ്ട് എട്ടോ പത്തോ മൈൽ നീളത്തിലുള്ള റോഡു മുഴവൻ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയാണ് നമ്മുടെ രാജ്യത്തിന്റെ പലഭാഗത്തുമുള്ളത്. തക്കസമയത്തു് അഞ്ചോ പത്തോ രൂപ ചിലവാക്കി മെയിൻറനൻസു നടത്താത്തതുകൊണ്ട് ആയിരക്കണക്കിന രൂപ ചെലവാക്കേണ്ടിവരുന്നു. ഒരു നാലു മൺവെട്ടിക്കാരെക്കൊണ്ട് ശരിപ്പെടുത്താമെന്നുള്ള സമയത്തു് ആരും തിരിഞ്ഞു നോക്കുകയില്ല. ഒടുവിൽ അതു് നാലൂറു് മൺവെട്ടിക്കാരെകൊണ്ട് ആയിരക്കണക്കിന പണം ചിലവാക്കി ചെയ്യുകയാണ് ഇവിടത്തെ എപ്പാട്. ഈ ഏർപ്പാട് ഇനിയെങ്കിലും അങ്ങു നിറുത്തണമെന്നാണ് എനിക്ക നമ്മുടെ ഡിപ്പാർട്ടുമെണ്ടുകാരോട് പറയാനുള്ളതു്. പല സ്ഥലങ്ങളിലും റോഡുനന്നാക്കാൻ ചരലോ ചല്ലിയോ അടിച്ചിട്ടാൽ അതു ആണ്ടവസാനംവരെ അവിടെ കിടക്കും. ആണ്ടവസാനത്തിൽ അതു് അവിടെനിന്നും മാറി വേറെ എവിടെയെങ്കിലും കൊണ്ടുപോയി ഇട്ട അവിടേയും കണക്കെല്ലിക്കും. റോഡ് അല്പം ചീത്തയായാൽ ഉടൻതന്നെ അതു നന്നാക്കുകയാണെങ്കിൽ നമ്മുടെ റോഡുകളെ എപ്പോഴും നല്ല സ്ഥിതിയിൽ വച്ചുകൊണ്ടിരിക്കാൻ കഴിയും. ചെലവും വളരെ ചുരുങ്ങും. ഈ ഡിമാൻറിനെ എതിർക്കേണ്ട ആവശ്യമൊന്നുമില്ല. പക്ഷെ ഒരു കാര്യം ഞാൻ വീണ്ടും പറയുന്നു. ഈ നാലു ലക്ഷം രൂപാകൊടുത്തു നമ്മുടെ റോഡുകൾ ഒന്ന് നന്നാക്കാതെ കൂടുതൽ റോഡുകൾ എടുക്കുകയാണെങ്കിൽ ആ റോഡുകളുംകൂടി ഉപയോഗശൂന്യമായിത്തീരുന്നതാണ്. അതിന് ഇടയാക്കരുതെ എന്നാണ് എന്റെ അപേക്ഷ.

The demand for Rs. 4,00,000 under 32. Public Works, A. civil works (d) Works was put and carried.

The grant was made.

LEGISLATIVE BUSINESS

The Travancore-Cochin Land Improvement Bill

Chief Minister (Sri. T. K. Narayana Pillai): Sir, I move that the Travancore-Cochin Land Improvement Bill as settled at the second reading be passed subject to the following formal amendments:—

1. In clause 2—

(*i*) in sub-clause (*i*), for the words 'Land Improvement Board', the words 'Land Development Board' shall be substituted;

(*ii*) in sub-clause (*iv*), for the words 'Land Improvement Officer', the words 'Land Development Officer' shall be substituted.

2. In clause 3, for the words 'Land Improvement Board', the words 'Land Development Board' shall be substituted.

3. In clause 4—

(*i*) in sub-clause (*i*), for the words 'Land Improvement Scheme', the words 'Land Development Scheme', shall be substituted;

LIBRARY ARCHIVES Kerala Legislative Assembly